LIBRARY ARCHIVES Kerala Legislative Assembly

ആരോപണ വിധേയനായ ഫോറസ്റ്റ് കൺസർവേറ്റർക്കെതിരെ നടപടി

28 (*208) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി സംഭവത്തിൽ ആരോപണങ്ങൾ നേരിട്ട ഫോറസ്റ്റ് കൺസർവേറ്ററെ സസ്പെൻഡ് ചെയ്യാൻ അന്വേഷണ സംഘം ശിപാർശ ചെയ്തിട്ടുണ്ടോ?

ഇല്ല.

(ബി) വയനാട്ടിൽനിന്നും മുറിച്ച് പെരുമ്പാവൂരിലേയ്ക്ക് കടത്തിയ മരങ്ങൾ പിടിച്ചെടുത്ത മേപ്പാടി റേഞ്ച് ഓഫീസറെ കൂടുക്കാനും അന്വേഷണം വഴിതെറ്റിക്കാനും പ്രസ്തുത ഫോറസ്റ്റ് കൺസർവേറ്റർ ശ്രമിച്ചെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

മരംമുറി സംബന്ധിച്ച എല്ലാ വിഷയങ്ങളും സർക്കാർ നിയോഗിച്ച അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം എന്നിവർ സമഗ്രമായ അന്വേഷണം നടത്തിവരുന്നുണ്ട്. അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനത്തിന് ധനസഹായം

29 (*209) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് സംഘടിത മേഖലയിൽ ജോലി ലഭിക്കുന്നതിനായി അംഗീകൃത പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നടത്തുന്നതിന് ധനസഹായ പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ?